പതിമൂന്നാം കേരള നിയമസഭ
പതിമുന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2904.

20.03.2015 ൽ മറുപടിക്ക്

പാചകവാതക സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ടി.വി.രാജേഷ്<br>,, ബി.ഡി. ദേവസ്സി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃസംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മുൻകാലങ്ങളിൽ സബ്സിഡി ലഭിച്ചിരുന്ന മുഴുവൻ പാചകവാതക ഉപഭോക്താക്കൾക്കും ബാങ്ക് വഴി സബ്സിഡി ലഭിക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. ആധാറും ബാങ്ക് അക്കൗണ്ട് നമ്പറും പാചക വാതക കണക്ഷനുമായി ബന്ധപ്പെടുത്തിയ എല്ലാ ഉപഭോക്താക്കൾക്കും 15.02.2015 മുതൽ ബാങ്ക് വഴി സബ്സിഡി ലഭിക്കുന്നുണ്ട് എന്ന് എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) ആകെ പാചകവാതക ഉപഭോക്താക്കളുടെ എണ്ണമെത്ര; ഇതിൽ നിലവിൽ സബ്സിഡി ലഭിക്കുന്നവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര; പുതിയ സംവിധാനം നിലവിൽ വരുന്നതിനു മുമ്പ് സബ്സിഡി ലഭിച്ചിരുന്നവരുടെ എണ്ണമെത്രയായിരുന്നു; | (ബി) 18.03.2015 ലെ കണക്കുപ്രകാരം 74.41 ലക്ഷം ഗാർഹിക ഉപഭോക്താക്കൾ ഉണ്ട് എന്നും, 63.88 ലക്ഷം ഉപഭോക്താക്കൾക്ക് നിലവിൽ ബാങ്ക് വഴി സബ്സിഡി ലഭിക്കുന്നുണ്ട് എന്നും, ഫെബ്രുവരി 2015 ന് മുൻപ് എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും സബ്സിഡി ലഭ്യമായിരുന്നുവെന്നും എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) ആധാർ ബാങ്കുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഉപഭോക്താക്കൾക്ക് മുഴുവൻ വില നൽകിയാലും സിലിണ്ടർ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പാചകവാതക ഏജൻസികൾക്ക് നിർദ്ദേശം നൽകിയതായി അറിയാമോ; | (സി) ഇല്ല. ഇത്തരത്തിൽ യാതൊരു നിർദ്ദേശങ്ങളും പാചകവാതക ഏജൻസികൾക്ക് നല്കിയിട്ടില്ലായെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ